(ബി) ഈ റസ്റ്റോറൻറുകൾ നടത്തുന്നതിലേക്ക് ഗവൺമെണ്ടിലേക്ക് പ്രതിവർഷം വരുന്ന ചിലവെന്ത്;

(സി) ഉണ്ടാകുന്ന ആദായമെന്ത്?

റവന്യൂമന്ത്രി (ശ്രീ. പി. കെ. കുഞ്ഞച്ചൻ):

(എ) തുപ്പുണിത്തുറ കോട്ടക്കകത്തുള്ള റസ്റ്റോറൻറിനും ബസ്സ്സ്റ്റാൻറിലുള്ള റസ്റ്റോറൻറിനും പ്രതിമാസം നൂറ് രൂപാൽ പഞ്ചസാരവീതം അനുവദിച്ചിട്ടുണ്ട്.

(ബി) കോട്ടക്കകത്തുള്ള കൊച്ചിൻ റസ്റ്റോറൻറിനു പ്രവൃത്തികൾ ഗവൺമെണ്ടിൽനിന്നു സഹായധനമായി കൊടുക്കുന്നുണ്ട്.

(സി) ഗവൺമെണ്ടിലേക്ക് ആദായം ഒന്നുമില്ല.

MURUNGUR—KADUKUTTY ROAD

557. മിസ്റ്റർ സി. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) മുരിങ്ങൂർ-കാടകുറ്റിറോഡ് പൊതുമരാമത്തു വകുപ്പിൽനിന്നും പണികഴിച്ചതു് എന്നാണു്;

(ബി) ടി റോഡിൽ തുമ്മുരി എന്ന സ്ഥലത്തു് ഒരു പാലം പണിയുന്നതിൻറെ അത്യാവശ്യകത ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടില്ലേ;

(സി) തുമ്മുരി എന്ന സ്ഥലത്തു് വർഷകാലത്തു് വെട്ടുവഴിയിൽ മുട്ടിനുമീതെ വെള്ളം ഉണ്ടാകാറുണ്ടെന്നു് ഗവൺമെണ്ടു് ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഉവ്വ്.

(ബി) ഉവ്വ്.

(സി) ശക്തിയായ മഴക്കാലത്തു ടി സ്ഥലത്തു് കുറെ വെള്ളം ഉണ്ടാകാറുണ്ടു്. അവിടെ ഒരു പാലം പണിയുന്നതിനു് എസ്റ്റിമേറു് തയ്യാറാക്കുന്നുണ്ടു്.

THAZHEKAD BAZAAR ROAD

558. **Mr. Puthur Achutha Menon** *(Kattur):* Will Government be pleased to state.—

(*a*) that it has been brought to the notice of the Government that the present condition of the Thazhekad Bazaar Road, Kattur is not satisfactory;

(*b*) if the answer to (*a*) is in the negative, will Government be pleased to enquire into the present condition of this road;

(*c*) if the answer to (*a*) is in the affirmative, will Government be pleased to inform this House what steps the Government have taken to improve the conditions?

Mr. V. K. Aravindaksha Menon *(Chief Engineer):*

(*a*) Yes.

(*b*) No answer is necessary in view of answer to sub-division (*a*).

(*c*) The matter was enquired into and Government are considering the question of constructing masonry drains to improve the condition of the road.

METHALA PANCHAYAT—SPECIAL CONTRIBUTION ALLOTMENT

559. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) മേത്തല പഞ്ചായത്തിനു് ൧൯൫൦, ൧൯൫൧ ഈ കൊല്ലങ്ങളിൽ (Special contribution allotment)ൽ നിന്നു എന്തു് സംഖ്യ അനുവദിച്ചിട്ടുണ്ടു്;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ൧൯൫൦-ൽ യാതൊരു സംഖ്യയും അനുവദിച്ചിട്ടില്ല. ൧൯൫൧-ൽ കു. ൫,൪൦൦ പാലങ്ങൾ കേടുതീർക്കുന്നതിനു പ്രത്യേകം അനുവദിച്ചിട്ടുണ്ടു്.

(ബി) ൧൯൫൦ സ്പെഷൽ കോൺടിബ്യൂഷൻ അലോട്ടുമെണ്ടു് മൈനർ ഇറിഗേഷൻ പണികൾക്കാണു് നീക്കിവെച്ചിരുന്നതു്. ൧൯൫൧-ലെ അലോട്ടുമെണ്ടു് മുൻ അനുവദിച്ചി

LIBRARY ARCHIVES Kerala Legislative Assembly